ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: പെൻഷൻ 25 ശതമാനം വർദ്ധിപ്പിക്കുകയും മിനിമം പെൻഷൻ 100 രൂപയെന്നു പറയുകയുമാണു ചെയ്തിരിക്കുന്നത്. ഇപ്പോൾ 75 രൂപ പെൻഷനും 18 രൂപ ഡി. എ.-യും കിട്ടുന്ന ആളിന് ഈ വർദ്ധനവു വരുമ്പോൾ നൂറു രൂപയിലധികം കിട്ടണമല്ലോ. പയ്യന്നൂരിലെ സത്യനാഥൻ ഉൾപ്പെടെയുള്ള 44 ആളുകളുടെ ബില്ല് ഈ കാരണം പറഞ്ഞു തടഞ്ഞുവച്ചിരിക്കുകയാണ്. വർദ്ധനവു വരുത്തുമ്പോൾ കുറയ്ക്കാൻ പാടില്ലെന്ന വ്യക്തമായ കല്പന പുറപ്പെടുവിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. എസ്.വരദരാജൻ നായർ): ഡി. എ. ഉൾപ്പെടെ മിനിമം പെൻഷൻ 100 രൂപ എന്ന് ആ കല്പനയിൽത്തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. വി. രാജഗോപാൽ: സറണ്ടർ സ്കൂളധ്യാപകർക്ക് പെൻഷൻ അനുവദിക്കുമ്പോൾ സറണ്ടർ ചെയ്ത കാലത്തിനു മുൻപുള്ള സർവീസ് പെൻഷനു പരിഗണിക്കുന്നില്ലെന്ന ആക്ഷേപം കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): അങ്ങനെ ആക്ഷേപം കിട്ടിയതായി ഓർക്കുന്നില്ല.

സർവീസ് ട്രൈബ്യൂണൽ

* 116 [125] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലുള്ളവരുടെ ആക്ഷേപങ്ങളും പരാതികളും പരിഗണിക്കുവാൻ സർവീസ് ട്രൈബ്യൂണൽ ഏർപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ പറയാമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) അതിന്റെ വിശദ വിവരങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ജില്ലാ ട്രൈബ്യൂണലുകൾ ഏർപ്പെടുത്തി ജീവനക്കാർക്കു കൂടുതൽ സഹായം നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരു സർവീസ് ട്രൈബ്യൂണൽ ഏർപ്പെടുത്തുന്ന കാര്യമാണ് ഇപ്പോൾ ഗവൺമെൻറ് പരിഗണിച്ചത്. ജില്ലാ ട്രൈബ്യൂണലുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല.

ശ്രീ. പി. ബി. ആർ. പിള്ള: ട്രൈബ്യൂണലുകൾ ഏർപ്പെടുത്തുന്നത് തീകച്ചും സ്വതന്ത്രമായ ബോഡിയായിട്ടാണോ അതോ ഡിപ്പാർട്ടുമെൻറിലായിട്ടാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഒരു സ്വതന്ത്ര ബോഡി, ജുഡീഷ്യൽ ബോഡി ആയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: സർവീസ് ട്രൈബ്യൂണൽ ഏർപ്പെടുത്തുമെന്നു കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനകാലത്തു ഈ സഭയിൽ ഉറപ്പുനൽകിയതാണ്. ഇതിനു മുമ്പിരുന്ന ഗവൺമെൻറുകളും നേരത്തേ ഇങ്ങനെയൊരുറപ്പ് സഭയിൽ നൽകിയിട്ടുണ്ട്. ഈ ട്രൈബ്യൂണൽ ഏർപ്പെടുത്താൻ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചത്, എന്നത്തേക്ക് ഇതു സ്ഥാപിക്കാൻ കഴിയും?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇക്കാര്യത്തിൽ ആദ്യമായി ചെയ്തത് ഗവൺമെൻറ് സെക്രട്ടറീസ് കോൺഫ്രൻസിൽവച്ച് ഈ പ്രശ്നം ആലോചിച്ച് അതിനൊരു നിർദ്ദേശം നൽകാൻ പറയുകയായിരുന്നു. അവർ ആലോചിച്ചിട്ട് അതിനൊരു ഡ്രാഫ്റ്റ് തയ്യാറാക്കി. അതിനുശേഷം ഒരു നിയമനിർമ്മാണത്തിൻെറ ആവശ്യമുണ്ടെന്നു കണ്ടതിൻെറ അടിസ്ഥാനത്തിൽ ലാ ഡിപ്പാർട്ടുമെൻറിനോട് ഒരു ഡ്രാഫ്റ്റ് തയ്യാറാക്കാൻ പറഞ്ഞു. കൂടാതെ മറ്റു ചില പ്രശ്നങ്ങളും ഇതുമായി ബന്ധപ്പെടുത്തിച്ചെയ്യാൻ പി. ആൻഡ് എ. ആർ. ഡി. യോടാവശ്യപ്പെട്ടു. പി. ആൻഡ് എ. ആർ. ഡി. യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. ലാ ഡിപ്പാർട്ടുമെൻറിൻെറ റിപ്പോർട്ട് കിട്ടിയിട്ടില്ല. ഇതാണിപ്പോഴത്തെ സ്ഥിതി. അതുകൊണ്ട്, കൃത്യമായി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നു പറയാൻ സാധ്യമല്ല. കഴിയുന്നത്ര വേഗം നടപ്പിലാക്കണമെന്നാണ് ഗവൺമെൻറിൻെറ ആഗ്രഹം.

ശ്രീ. ആർ. എസ്. ഉണ്ണി: ഇപ്പോൾ കിട്ടിയിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ സർവീസ് ട്രൈബ്യൂണലുകളുടെ ഘടനയും സ്വഭാവവും സംബന്ധിച്ച ഒരു പൊതുവായ വിവരം സഭക്ക് നൽകാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനു ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഈ സംസ്ഥാനത്ത് സർവീസ് പ്രശ്നങ്ങൾ വളരെ അധികരിച്ചുവരുന്നതു പരിഗണിച്ച് സർവീസ് ട്രൈബ്യൂണലുകൾ അടിയന്തിരമായി സംഘടിപ്പിക്കുമോ? അതിൻെറ പ്രവർത്തനമാരംഭിക്കുമ്പോൾ അതിൽ ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ അപ്പീലുകൾ, ഹർജികൾ മുതലായവ എടുക്കുകയും ഇതിനു പുറമേ റവന്യൂ ഡിപ്പാർട്ടുമെൻറിലെ നിരവധി പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളിൻമേൽ പരിഹാരം കാണാനായി ഗവൺമെൻറ് ചെന്നു റഫറൻസ് നൽകുക എന്ന നടപടികൂടി ഉൾപ്പെടുത്തുകയും ചെയ്യുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇതിൻെറ വിശദാംശങ്ങളിൽപ്പെട്ട ഒരു നിർദ്ദേശമാണ്; ഈ നിർദ്ദേശം ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. ടി. എ. പരമൻ: ട്രൈബ്യൂണലുകളുടെ പരിധിയിൽ ഏതെല്ലാം തരത്തിലുള്ള കാര്യങ്ങളാണ് റഫർ ചെയ്യാനുദ്ദേശിക്കുന്നത്?

Sri P. K. Vasudevan Nair: "Service Matter" means one or more of the following matters relating to a Government Servant:

Seniority, promotion, confirmation, fixation of pay, an order denying or varying pay, allowances, pension and other service conditions to the disadvantage of a Government Servant otherwise than as

LIBRARY ARCHIVES Kerala Legislative Assembly

a penalty; cases of reversion while officiating in a higher service, grade or post to lower service, grade or post otherwise than as a penalty; penalties and any other matter notified by the Government.

പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തെക്കുറിച്ചു പഠിക്കുന്നതിന് നിയോഗിച്ചിട്ടുള്ള കമ്മീഷൻ

* 117 [126] ശ്രീ. എൻ. ഭാസ്കരൻ നായർ:

,, ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ചിട്ടുള്ള മണ്ഡൽ കമ്മീഷൻ എന്നാണ് കേരളത്തിൽ വന്നത്;

(ബി) കമ്മീഷനെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് നിയോഗിച്ച രണ്ട് അംഗങ്ങൾ ആരെല്ലാം;

(സി) ഇവർ രണ്ടുപേരും സാമുദായിക സംവരണത്തിൻെറ പ്രയോജനം ലഭിക്കുന്ന സമുദായങ്ങളുടെ പ്രതിനിധികൾ ആണോ;

(ഡി) ആണെങ്കിൽ ഇതിൻെറ ഫലമായി കമ്മീഷനു് എതിരഭിപ്രായം കേൾക്കാനുള്ള അവസരം ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെൻറിനു് ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കമ്മീഷൻ 21-6-1979 മുതൽ 25-6-1979 വരെ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്.

(ബി) ശ്രീ. ഇ. അഹമ്മദ്, എം. എൽ. എ.
ശ്രീ. പി. എസ്. വേലായുധൻ, പ്രസിഡണ്ട്,
എസ്. എൻ. ഡി. പി. യോഗം. കൊല്ലം.

(സി) അതേ. കമ്മീഷനിലേക്ക് കോ-ഓപ്റ്റ് ചെയ്യുന്ന അഡീഷണൽ മെമ്പർമാർ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ഗവൺമെൻറ് ചെയ്തത് കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമാണെന്ന വാദഗതി ഉന്നയിക്കുന്നുണ്ടെങ്കിലും ഒന്ന് ഒന്നേകാൽക്കോടിയോളം ആനുകൂല്യം നിഷേധിക്കപ്പെടുന്ന വിഭാഗം ഉണ്ട്. അവരുടെ അഭിപ്രായം കേൾക്കുന്നതിനു ഈ പ്രാതിനിധ്യം അവർക്കുംകൂടി കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുകൂടായിരുന്നുവോ? അങ്ങനെ ചെയ്യാതിരുന്നതു നീതിപൂർവ്വകമായിരുന്നില്ല എന്നു ഗവൺമെൻറ് കരുതുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കമ്മീഷൻ ഓരോ സംസ്ഥാനങ്ങളും സന്ദർശിക്കുമ്പോഴും ആ സംസ്ഥാനത്തെ രണ്ടാളുകളെ അതിൽ എടുത്താണ് അസോസിയേറ്റ് മെമ്പേഴ്സ് എന്ന മട്ടിൽ കോ-ഓപ്റ്റ് ചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly